**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **04-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം മണ്ഡലത്തിൽ എത്ര ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | **കെ.എസ്. ഇ. ബി. എൽ**<br><br>മലപ്പുറം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ എട്ട് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>110 കെ.വി സബ്സ്റ്റേഷൻ, മലപ്പുറം ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും, താഴെ പറയുന്ന 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും<br><br>1. ആനക്കയം<br>2. കിഴക്കേതല<br>3. മോറയൂർ സ്കൂൾപടി<br>4. അത്താണിക്കൽ<br>5. എം.എസ്.പി അടുത്ത്<br>6. മുണ്ടുപറമ്പ്<br>7. താന്നിക്കൽ സൂപ്പർ മാർക്കറ്റിന് അടുത്ത്<br><br>കൂടാതെ 5 സ്വകാര്യ ചാർജിംഗ് സ്റ്റേഷനുകളും ഈ മണ്ഡലത്തിൽ നിലവിൽ ഉണ്ട്.<br><br>**അനെർട്ട്**<br><br>മലപ്പുറം മണ്ഡലത്തിൽ അനെർട്ട് നേരിട്ട് സ്ഥാപിച്ചതും സംസ്ഥാനസർക്കാരിന്റെ ധനസഹായത്തോടെ സ്ഥാപിച്ചതുമായ 4 എണ്ണം DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളാണ് നിലവിലുള്ളത്. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:<br><br>1. മൂസക്കുട്ടി ബസ്സ് സ്റ്റാൻഡ്, പെരിന്തൽമണ്ണ – 142 kW (അനെർട്ടും EESLമായി യോജിച്ച് സ്ഥാപിച്ചവ)<br><br>2. ചങ്ങരംകുളം – 60 kW (സംസ്ഥാന സർക്കാരിന്റെ സബ്സിഡി നൽകിയത്)<br><br>3. പട്ടിക്കാട്, പെരിന്തൽമണ്ണ – 30 kW (സംസ്ഥാന സർക്കാരിന്റെ സബ്സിഡി നൽകിയത്) |

| | | | |
|---|---|---|---|
| | | | 4. മാറഞ്ചേരി സർവീസ് സഹകരണ ബാങ്ക് – 30 kW (സംസ്ഥാന സർക്കാരിന്റെ സബ്സിഡി നൽകിയത്) |
| (ബി) | ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത്. ഇത് നിലവിൽ ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ചാർജിംഗ് സ്റ്റേഷനുകൾ ആർക്കും സ്ഥാപിക്കാവുന്നതാണ്. |
| (സി) | ഇലക്ട്രിക് വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ ഇ.വി. ചാർജിംഗ് പോയിന്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **<u>കെ. എസ്. ഇ. ബി.എൽ</u>**<br><br>നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന് പദ്ധതികളൊന്നുമില്ല. സ്വകാര്യ പങ്കാളിത്തത്തോടെ പുതിയ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.<br><br>**<u>അനെർട്ട്</u>**<br><br>ഇലക്ട്രിക്ക് വാഹനങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ മലപ്പുറം മണ്ഡലത്തിൽ കൂടുതൽ **DC** ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. ഇതിനായി ഹോട്ടലുകൾ, മാളുകൾ, കോപ്പറേറ്റീവ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന **DC** ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക്, മെഷീൻ വിലയുടെ **25%** സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി നൽകി വരുന്നു. കൂടാതെ ദേശീയപാത/സംസ്ഥാന പാതയോട്ടു ചേർന്ന് **800 sq.ft** മുതൽ **1000 sq.ft** വരെ സ്ഥലം **Cafeteria, Washroom** സൗകര്യത്തോടെ **10** വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണ്. ഇലക്ട്രിക് **4** വീലറുകൾ ചാർജ് ചെയ്യുന്നതിന് **60 KW** ശേഷിയുള്ള **2 gun** ഉള്ള മെഷീനും ഇലക്ട്രിക്ക് **2** വീലറുകൾക്കു ഫാസ്റ്റ് ചാർജ്ജ് ചെയ്യുന്നതിനായി **12kw** ശേഷിയുള്ള **LECCS** മെഷീനും **12KW** ശേഷിയുള്ള **LEVDC** മെഷീനും സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ